


# സദ്ഗമയ

## ഡിജിറ്റൽ മാസിക

St.Mary's AIGHS Fortkochi 2018-19

# പ്രധാന അദ്ധ്യാപിക



കുട്ടികളുടെപാഠ്യേതരപ്രവർത്തനങ്ങളെ
പ്രോത്സാഹിപ്പിക്കുന്നതിനും കലസാഹിത്യ രംഗത്ത്
ആർജിച്ചിട്ടുള്ള നേട്ടങ്ങൾ പ്രകടിപ്പിക്കുന്നിനും
വേദിയൊരുക്കുന്ന "ലിറ്റിൽ കൈറ്റ്സ് " സംരഭമായ
സദ്ഗമയ 'ഇ' മാഗസിന് എല്ലാവിധ
ആശംസകളും.....................!!!!!!!!!
അണിയറ ശില്പികളായ അദ്ധ്യാപകർക്കും
വിദ്ധ്യാർത്ഥികൾക്കും അനുമോദനങ്ങൾ.

സി.ലൂസി മാത്യു
പ്രധാന അദ്ധ്യാപിക

# മാനേജർ



സെന്റ്. മേരീസ് എ.ഐ.ജി.എച്ച എസിലെ അദ്ധ്യാപകരുടെയും ലിറ്റിൽ കൈറ്റസ് ക്ലബ് അംഗങ്ങളുടെയും ശ്രമ ഫലമായി "സദ്ഗമയ" എന്ന പേരിൽ "ഇ" മാഗസീൻ യാഥാർത്ഥ്യമാക്കുവാൻ സാധിച്ചു . വിദ്ധ്യാർത്ഥികളിൽ അന്തർലീനമായ സർഗ്ഗാത്മകതകളെ കണ്ടെത്താനും പരിപോഷിപ്പിക്കുവാനും ഇതിലൂടെ സാധിക്കട്ടെ . ഈ ഉദ്യമം സഫലീകൃതമാകുന്നതിനു വേണ്ടി പ്രയത്നിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ...

സി. ആലീസ് ജേക്കബ്

## പീ.റ്റി.എ പ്രസിഡന്റ്



ശാസ്ത്രീയമായ അറിവിലൂടെ നാളത്തെ
സാങ്കേതിക വിദഗ്ധരെ
വാർത്തെടുക്കുവാൻ കൈറ്റ്
എന്ന സംഘടനയ്ക്ക് കഴിയും. ഇതിനായി
കൈറ്റിലെ എല്ലാ അംഗങ്ങൾക്കും,
ഇതിന് നേതൃത്വം നല്കുന്ന എല്ലാ
അദ്ധ്യാപകർക്കും എന്റെ എല്ലാ വിധ
ആശംസകളും നേരുന്നു.

ആന്റണി ബാബു

പീ.റ്റി.എ പ്രസിഡന്റ്

# എഡിറ്റോറിയൽ  ബോഡ്

മിസ്. ട്രീസ  ജൂഡ്

മിസ്.ജസ്സി

മിസ്.പ്രിയങ്ക

മിസ്റ്റർ.ജോൺകുട്ടി

മിസ്റ്റർ.ദ്രുപക്ക്

കുമാരി.  ഏഞ്ചലീന

കുമാരി.  ഷിയാന

കുമാരി.  സഹല

കുമാരി.  ജാസിയ

കുമാരി.  പൂജ

കുമാരി.  അഫീഫ

കുമാരി.  സ്വജന

## പ്രത്യേക നന്ദി

മിസ്. വിനീത

മിസ് . നിഷ

മിസ് . ലിജി

മിസ് .ബാപ്പി

# എഡിറ്റോറിയൽ ബോഡ്



# എഡിറ്റോറിയൽ

ആർത്തലച്ച മഴ

കലിതുള്ളിയ പുഴ

വിറച്ചുനിന്നഭൂമി

കുറേയേറെ മനുഷ്യരുടെ സ്വപനങ്ങളും

പ്രതീക്ഷകളും പെരും മഴയിൽ ഒഴുകിപ്പോയി.

പകച്ചുനിന്നുപോയ നിമിഷങ്ങൾ

തിരിച്ചറിവിന്റെ പാഠങ്ങൾ

സമത്വത്തിന്റെ ദിനരാത്രങ്ങൾ

സ്നേഹസാന്ത്വനങ്ങളുടെ കുളിർ മഴ

ഒരുമയുടെ , ഐക്യത്തിന്റെ ,പുനർജ്ജനിമന്ത്രം

സൗഹൃദങ്ങളുടെ -ബന്ധങ്ങളുടെ ഇഴയടുപ്പം

വർദ്ധിച്ചു

തുമ്പയും , തുളസിയും , മുക്കുറ്റിയും

മനസ്സിൽ വീണ്ടും ആഹ്ളാദത്തിന്റെ

പൂക്കളം തീർക്കട്ടെ.

**നല്ലൊരു നാളെക്കായി ഒരുമിച്ചു മുന്നേറാം .**

# ലിറ്റിൽ കൈറ്റ്സ്

# അംഗങ്ങൾ



# ഉള്ളടക്കം


ഭാഷാപഠനത്തിന്റെ പ്രസക്തി വിദ്യാഭ്യാസത്തിൽ ..........................................10
മരം ഒരു വരം..........................................12
പ്രകൃതി..........................................13
ബുദ്ധിശാലിയായ നരി..........................................14
സൗഹൃദം..........................................15
പ്രളയാനുഭവങ്ങൾ..........................................16
പൊതു വിജ്ഞാനം..........................................18
കടംകഥകൾ..........................................20
കനോസ്സയിലെ വിശുദ്ധ മാഗ്ദലിൻ..........................................22
സ്മൃതി..........................................24
ജീവിതമാണ് പഠനവേദി..........................................26
താരാട്ട്..........................................27
സൗഹൃദം..........................................29
ദൈവ സ്നേഹം..........................................30

തേനീച്ച രക്ഷിച്ചു...................................31
നാവുടക്കുന്ന വാക്കുകൾ...........................32
ആഹാരം = ദൈവം.................................33
കൊല്ലുസ്...........................................35
GOD'S GIFT.........................................43
Say NO TO PLASTIC..............................44
PRINCIPLES OF LIFE.............................46
QUOTES OF LEADERS...........................47
MEMORY OF RAIN.................................48
मौत.......................................................49
मौत, सच जो हमेशा हमारे साथ हैं.....................49
एक दूसरे से -कोसो दूर ।.........................................49
इस छोटी ज़िन्दगी में आपस में.....................................49
कभी कभी खुद से बात करो..............................50
क्रोध......................................................51
യുവപ്രതിഭകളുടെ കരവിരുത്.......................52

# ഭാഷാപഠനത്തിന്റെ പ്രസക്തി വിദ്യാഭ്യാസത്തിൽ



ആയിഷാ നഫ്റിൻ

ജീവിതത്തിൽ ഭാഷയ്ക്കുള്ള സ്ഥാനം പ്രഥമവും പ്രധാനവുമാണ്. മനുഷ്യപുരോഗതിയുടെ അടിസ്ഥാനം തന്നെ ഭാഷയാണ് . ഇന്നലത്തെ തലമുറനേടിയ അറിവ് ഇന്നത്തെ തലമുറയിലെത്തുന്നതും കൈമാറ്റം ചെയ്യപ്പെടുന്നതും ലിഖിതഭാഷയുടെ സഹായത്തോടെയാണ്. ഭാഷയിലൂടെ മാത്രമേ പൂർണമായ ആശയപ്രകാശനം സാധ്യമാവൂ. ചിന്തയുമായി ഭാഷയ്ക്കുള്ള ബന്ധം പ്രദാനമാണ്. നാം ചിന്തിക്കുന്നത് ഭാഷയുടെ സഹായത്തോടെയാണ് .ഭാഷയുടെ സഹായമില്ലാതെ ചെറുചിന്തകൾ സാധ്യമായേക്കാം .പക്ഷെ, വലിയ ആശയങ്ങൾ ചിന്തിച്ചെടുക്കാൻ ഭാഷയുടെ സഹായം കൂടിയേകഴിയൂ.

ബുദ്ധിവികസനവും ഭാഷയുടെ സഹായത്തോടെ മാത്രമേ നടക്കുകയുള്ളൂ. ചിന്തയും ബുദ്ധിയുമാണല്ലോ മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്ന ഘടകങ്ങൾ .ഇങ്ങനെ നോക്കുമ്പോൾ മനുഷ്യജീവിതത്തിൽ സർവ പ്രധാനമായ ഒന്നാണ ഭാഷ എന്നു കാണാം.

വിദ്യാഭ്യാസത്തിൽ ഭാഷയ്ക്കുള്ള

സ്ഥാനം അദ്വിതീയമാണ്.വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനഘടകം ഭാഷയാണ്.ഏതു വിഷയവും ഒരു ഭാഷയിൽ കൂടി മാത്രമെ നമുക്കു പഠിക്കാൻ കഴിയൂ.ഭാഷാപരമായ ജ്ഞാനം പരിമിതമായിരുന്നാൽ നേടുന്ന അറിവുകൾ വികലവും അപൂർണ്ണവും ആയിരിക്കും.പഠിതാവിനും അദ്ധ്യാപകനും ആശയ പ്രകാശനത്തിന് ഏതെങ്കിലും ഒരു ഭാഷയുടെ സഹായം അത്യാവശ്യമാണ്.വിജ്ഞാനവിനിമയത്തിന് ഭാഷ ഇല്ലാതെ പറ്റില്ല . അറിവ് അടുത്ത തലമുറയ്ക്കുവേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും രേഖപ്പെടുത്തിവെയ്ക്കാൻ ഒരു ഭാഷയുടെ സഹായം അത്യാവശ്യമാണ്.

വിദ്യാഭ്യാസത്തിൽ കലകൾക്കും അറിവിൽ സാഹിത്യത്തിനും പരമപ്രാധാന്യമുണ്ട് . സാഹിത്യവും മറ്റു കലകളും പഠിക്കാനും ആസ്വദിക്കാനും ആസ്വദിപ്പിക്കാനും ഒരു ഭാഷവേണം . ഇപ്രകാരം നോക്കുമ്പോൾ വിദ്യാഭ്യാസത്തിൽ സുപ്രദാനസ്ഥാനമാണ് ഭാഷാപഠനത്തിനുള്ളതെന്നു മനസ്സിലാക്കാം.

# മരം ഒരു വരം.....

കാട്ടിലെ കിളികൾക്കു മരം വേണം
നാട്ടിലെ മനുഷ്യർക്കു  മരം വേണം
പറക്കുന്ന തുമ്പിക്കും ചിരിക്കുന്ന
കുഞ്ഞിനും മരിക്കുന്ന വൃദ്ധനും മരം വേണം
ശ്വസിക്കുവാൻ പ്രാണനായ് മരം വേണം
കുടിക്കുവാൻ ജലമായി മരം വേണം
വിശപ്പിനു പഴംകിട്ടാൻ മരം വേണം
കണ്ണിനു കുളിരായി മരം വേണം
ഞങ്ങൾക്കു തുണയായി മരം വേണം
വെട്ടല്ലേ വെട്ടല്ലേ വലിയോരെ
വിറ്റു കാശാക്കല്ലേ പെരിയോരെ
മരമിതു ഞങ്ങൾക്കും തണലാണേ
**തണലുമുടിക്കൊല്ലേ ഉടയോരെ!**



**ആലിയ ആർ**
**VII A**

# പ്രകൃതി

പ്രകൃതി അത് നമുക്കൊരു വരദാനമാണ്.പ്രകൃതി അമ്മയാണ്. അതിനെ നാം സ്നേഹിച്ചാൽ നമ്മെ തലോടുകയും,മറിച്ച് ക്ഷോഭിച്ചാൽ നാമാവശേഷമാക്കുകയും ചെയ്യുന്നു.മനുഷ്യരുടെ ഇടപെടൽ പോലെയാണ് പ്രകൃതി നമുക്ക് തിരിച്ചുതരുന്നതും . എത്ര സുന്ദരമാണ് ഈ പ്രകൃതി,എത്ര വർണിച്ചാലും മതിയാവുകയില്ല. വയലുകൾ,കാടുകൾ ,പുഴകൾ,മലകൾ, പർവ്വതനിരകൾ എല്ലാം ഒത്തിണങ്ങിയ സുന്ദരിയാണ് പ്രകൃതിദേവി .ആ ദേവിയേയാണ് നമ്മൾ നമ്മുടെ തെറ്റായശീലങ്ങൾ കൊണ്ട വികൃതമാക്കിയത് . ആ അമ്മയുടെ ഹൃദയത്തിലേക്കാണ് നമ്മൾ നാം ഉപേക്ഷിച്ചതിന്റെ സകല അവശിഷ്ടങ്ങളും വലിച്ചെറിഞ്ഞ് മലിനമാക്കുന്നത് . അതിനുള്ളശിക്ഷ നാം അനുഭവിച്ചുകഴിഞ്ഞു. അതിൽ നിന്ന് പാഠമുൾകൊണ്ട് നമുക്ക് നമ്മുടെ ചീത്തശീലങ്ങൽ മാറ്റിയെടുക്കാം.അങ്ങനെ പ്രകൃതിയെ സംരക്ഷിക്കാം.......

# ബുദ്ധിശാലിയായ നരി



**ടാനിയ സൂസൻ**
**VIII**

ഒരിടത്ത് ഒരിടത്ത് ഒരു നരി ഉണ്ടായിരുന്നു.അവൻ വളരെ ബുദ്ധിശാലിയായിരുന്നു. അവൻ കാട്ടിലൂടെ നടന്നുപോകുമ്പോൾ ചത്ത് കിടക്കുന്ന ഒരു ആനയെ കണ്ടു .അവൻ മെല്ലെ അടുത്തുചെന്ന് കടിച്ചുകീറാൻ തുടങ്ങി. എന്നാൽ ആനയുടെ ശരീരത്തിൽ നല്ല കട്ടിയുള്ള തോലായിരുന്നു അതിനാൽ നരിക്ക് ആനയെ ഭക്ഷിക്കാനായില്ല. അപ്പോൾ അതുവഴി ഒരു സിംഹം വരുന്നുണ്ടായിരുന്നു. നരി സിംഹത്തോട്:"സിംഹരാജാവേ ഞാൻ നിങ്ങൾക്കായ് കൊണ്ടുവന്നത് ഭക്ഷിച്ചാലും". സിംഹം: "നിനക്കറിഞ്ഞുകൂടെ ? മറ്റു മൃഗങ്ങൾ കൊല്ലുന്നതിനെയൊന്നും ഞാൻ കഴിക്കുകയില്ല എന്ന്". സിംഹം ആനയുടെ ഉടൽ കഴിക്കാതെ പോയത് നരിക്ക് വിഷമമായി.

ഇനി എന്തു ചെയ്യും എന്നു ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ അതുവഴി ഒരു പുള്ളിപ്പുലിയും, പുലിയും വരുന്നതു കണ്ട് നരി സന്തോഷിച്ചു .നരി സൂത്രത്തിൽ പുലിയെ ഒഴിവാക്കി .കാരണം പുള്ളിപ്പുലിയുടെ പല്ലിനാണ് കൂടുതൽ മൂർച്ചയെന്ന് നരിക്ക് അറിയാമായിരുന്നു.

പുലിയുടെ പല്ലുകൾ മൂർച്ചയേറേതിനാൽ ആനയുടെ തോൽ മുറിഞ്ഞുപോരുമെന്നുകരുതി പുള്ളിപുലിയോടു നീ ഇതു ഭക്ഷിച്ചുകൊള്ളൂ സിംഹരാജൻ വരുന്നുണ്ടെങ്കിൽ ഞാൻ ഒച്ചവയ്ക്കും നീ അപ്പോൾ ഓടിയാൽ മതി എന്നു പറഞ്ഞു. പുലി ഭക്ഷിക്കാൻ തുടങ്ങി കുറച്ച് സമയം കഴിഞ്ഞ് നരി ഒച്ചയുണ്ടാക്കി ഇതുകേട്ട് പുലി ഓടിപ്പോയി. നരി ഭക്ഷിച്ച് തൃപ്തനായി.

# <u>സൗഹൃദം</u>



**എവിറ്റാ  പെരേരാ**

VII  A

സൗഹൃദ ചെപ്പു തുറക്കുമ്പോൾ
നീയെനിക്കു  സമ്മാനിച്ച
ചെമ്പനീർ  പൂവിൻ ഗന്ധമെന്നെ
സ്നേഹാർദ്രമായി   തഴുകുന്നു ...........
നശ്വരമാമീ മലരുണങ്ങാം
പൂമണവും  മാറാം ...
നിമിഷങ്ങളിൽ ഇതൾ
കൊഴിയുന്ന ജീവിതത്തിൽ
പവിത്രമാം  ഹൃദയ ബന്ധത്തിൽ
നമ്മളിൽ  തളിർത്ത
വസന്താരാമത്തിൻ
വാസന  പൂക്കൾ
അനശ്വരമെന്നറിയുക

# പ്രളയാനുഭവങ്ങൾ



രാജാവിനെ യാചകനാക്കുന്ന
രാക്ഷസത്തിരമാലകളെ കണ്ടു നാം.
രാജകീയ സുഖങ്ങളുരുൾപൊട്ടലിലൊലിച്ചു
പോയതും കണ്ടു നാം.
രാജകഥ പറഞ്ഞിരിക്കുവാനിനി
നേരമൊട്ടുമില്ലെന്നറിയുവിൻ
രാജാധിരാജനെയോർത്ത് ജീവിതം സുന്ദരമാക്കുവിൻ

രക്ഷപ്പെട്ടവർ നമ്മൾ രക്ഷകരായവരെ മറക്കാതിരിക്കുക
രക്ഷകരെയും രക്ഷിക്കുന്ന സർവരക്ഷിതാവിന് സ്തുതിയർപ്പിക്കുക
രാപകൽ കർമനിരതരായവർക്ക് മനസിലിടം നൽകുക
രാജ്യനന്മ നേടുവാനൊത്തൊരുമയോടെ കൈകൾ കോർക്കുക

സുരക്ഷിതസ്ഥാനമില്ലെന്ന തിരിച്ചറിവ് നൽകുന്നതാണീ ദുരന്തം
സുഭിക്ഷതയിൽ സുകൃതം ചെയ്യുന്നതിനാലുണ്ട് സുഖാമൃതം.
സ്വസുഖം അപരനെ ദ്രോഹിക്കുന്നതിലാകുന്നത് മോശപ്രകൃതം
സുഭാഷിതവർത്തമാനം സ്വരസുന്ദരസുസ്മിത സൗഹൃദം

ജലസൈന്യങ്ങൾ "ക്യാമ്പു "കളിൽ നിന്ന് കുതറിക്കുതിച്ചെത്തി
ജനങ്ങളെ ദുരിതാശ്വാസക്യാമ്പുകളിലേക്കോടിച്ച് കിടത്തി
നാമൊരൊറ്റ ജനതയെന്ന വേദപാഠം പടിക്കാനിരുത്തി
നമ്മുടെയൊരുമ നാടിൻ പെരുമയെന്ന കീർത്തിയും പരത്തി

വിദ്വേഷപ്രമാണവിഴുപ്പുകെട്ടുകൾ വീഥികളിൽ നിന്നും നീക്കണം
വിനയപുഷ്പങ്ങൾ വിരിയുന്ന രാജവീ
ഥികൾ നാം തീർക്കണം
വിപത്തു വിളിച്ചു വരുത്തുന്ന ചെയ്തികൾ നാം വെടിയണം

വീരശ്ശൂരപരാക്രമപ്രതികാരക്രിയകളെ കുഴിയിലിട്ട് മൂടണം.

ജന്മനാട് വിട്ടോടുന്ന നിരാലംബരെ കൈപിടിച്ച്കരകേറ്റണം
ജാതിമത അയിത്ത ചെളിക്കൂമ്പാരങ്ങളെ കോരിയെടുത്ത് കളയണം
ജഗദീശ്വരന്റെ ദാസരോട് കനിവോടെ വർത്തിക്കണം
ജലപ്രളയദുരന്താനുഭവങ്ങൾ നമ്മെ പുതിയ മർത്യനാക്കണം.

മാധവ്ഗാഡ്ഗിലിന്റെ മാർഗനിർദേശങ്ങളെത്ര മഹത്തരം
മനുഷ്യരിൽ ചിലരതിനെ തഴഞ്ഞതെത്ര മണ്ടത്തരം
മാമലകളുള്ള പശ്ചിമഘട്ടകൈയ്യേറ്റംമെത്ര ഗുരുതരം
മാമരങ്ങളും പറവമൃഗസസ്യജാലങ്ങളുടെ വൻശേഖരം.

അരുവിക്കരയിലതിമനോഹരഗേഹം പണിയുന്നത് നിർത്തണം.
അരുതായ്മകൾക്കലങ്കാരച്ചമയം ചാർത്തുന്നത് മതിയാക്കണം.
ആഢ്യനാട്യപ്രകടനങ്ങളിലാറാടുന്ന രീതികൾ നാം മാറ്റണം.
ആദിയവന്റെ അരുളുകളതിജാഗ്രതയോടെ നടപ്പിൽ വരുത്തണം.

മലയാളനാടിൻ മഹിമമഹോന്നതമായിത്തീരുവാൻ
മാലോകരിനി മിതവ്യയശീലങ്ങൾ സ്വായത്തമാക്കണം
മാനസമുറ്റത്തതിനെ ഓമനിച്ചു നട്ടുനനച്ചു വളർത്തണം
മാധുര്യമൂറും സ്നേഹക്കനികൾ സമ്മാനമായി നൽകണം

വരും തലമുറയ്ക്ക് മുറപ്രകാരം വിഭവങ്ങൾ കൈമാറ്റം ചെയ്യണം
വരുംവരായ്ക്കൾ ചിന്തിച്ച് കർമ്മമാർഗത്തിലിറങ്ങണം
വാതോരാതെ വർത്താനിക്കുന്ന വായാടിത്തം നിർത്തണം

**വാനഭൂവനങ്ങളെപടച്ചനാഥനെ നന്ദിയോടെ സ്മരിക്കണം.**

**ഫാത്തിമാ ഫിസാ**

**IX C**

# പൊതു വിജ്ഞാനം

- അന്നാ കാതറിൻ
VII C

1. ജീവിച്ചിരുന്നപ്പോൾ തന്നെ പ്രതിമ വച്ച് ആരാധിക്കപ്പെട്ട മലയാളി ആര്?
2. കഥാസാഹിത്യത്തിനുള്ള മുട്ടത്തുവർക്കി സാഹിത്യ പുരസ്കാരം ആദ്യം നേടിയത് ആര്?
3. മലയാളത്തിലെ ആദ്യത്തെ ഓഡിയോ നോവൽ?
4. അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക് എന്ന നാടകം എഴുതിയതാര് ?
5. വരരുചി ആരുടെ കാലത്താണ് ജീവിച്ചിരുന്നത്?
6. ആദ്യമായി കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ വനിത?

7. ലോകത്ത് ഏറ്റവും കൂടുതൽ ഇൽമനൈറ്റ് കുഴിച്ചെടുക്കുന്ന സംസ്ഥാനമേത്?

➔ **<u>ഉത്തരങ്ങൾ</u>**

1. **ശ്രീ നാരായണ ഗുരു**
2. **ഒ.വീ.വിജയൻ**
3. **ഇതാണെന്റെ പേര്**
4. **വി ടി ഭട്ടതിരിപ്പാട്**
5. **വിക്രമാദിത്ത്യൻ**
6. **അമൃതാപീതം**
7. **കേരളം**

# കടംകഥകൾ

1. അകത്തുനിന്ന് നോക്കികാണും, കാണുന്നതെല്ലാം ഉള്ളിലാക്കും?

2. അങ്ങേലെ വീട്ടിലേ മുത്തശ്ശിക്ക് ഇങ്ങേലെ വീട്ടിൽ മുറ്റമടി?

3. ആവശ്യക്കാർ വാങ്ങുന്നില്ല..... വാങ്ങുന്നവർ ഉപയോഗിക്കുന്നില്ല?

4. അകത്ത് രോമം പുറത്തിറച്ചി?

5. എനിക്ക് മൂന്ന് കണ്ണുകളാണ് എന്നാൽ എനിക്ക് കാഴ്ച്ചയില്ല?

6. വളരുമ്പോൾ കുന്തം വിരിയുമ്പോൾ ഒരായിരം വിരൽ ?

7. ഞെട്ടില്ലാ ..........വട്ടയില!!

8. ഉടൽ പക്ഷി  തല ചെന്നായ് തലകീഴായി ജീവിതം?

9. ഉറക്കം ഉണ്ട് കണ്ണടക്കില്ല?

10. ഇങ്ങേലെ ചങ്ങാതി വിരുന്നു വന്നു കാര്യക്കാത്തതിന്റെയും

പൂക്കാത്തതിന്റെയും ഇല വേണം?

11. ഇരുവരി മുല്ലപ്പൂക്കൾ?

12. കൊക്കിരുന്നു കുളം വറ്റി

13. അടി മുള്ള് നടുകാട് തല പൂവ്?

14. കാലിൽ പിടിച്ചാൽ തോളിൽ കയറും ?

**ഉത്തരം**

**ക്യാമറ ,മുള ,ശവപ്പെട്ടി ,മൂക്ക് ,തേങ്ങ ,ഓല ,**

**പപ്പടം ,വവ്വാൽ ,മീൻ ,വെറ്റില , പല്ല്, റാന്തൽ**

**വിളക്ക് ,കൈതചക്ക ,കുട**



**റായിഷാ IX C**

# കനോസ്സയിലെ വിശുദ്ധ മാഗ്ദലിൻ

ഇറ്റലിയിൽ വെറോണയിലെ കനോസ്സ കൊട്ടാരത്തിൽ 1774 മാർച്ച് മാസം 1-ാം തിയതി മാഗ്ദലിൻ ജനിച്ചു. കുടുംബത്തിന്റെ പേരും പ്രശസ്തിയും നില നിർത്തുവാൻ ഒരു ആൺകുഞ്ഞിനെ പ്രതീക്ഷിച്ചിരുന്ന മാതാപിതാക്കൾക്ക് അവളുടെ ജനനം ദുഃഖപ്രതീതി ഉളവാക്കി. കരുണാമയനായ ദൈവം പിറ്റെ വർഷം തന്നെ ഒരു ആൺകുട്ടിയെ നല്കി കൊട്ടാരത്തെ അനുഗ്രഹിച്ചു. കേവലം 5-ാം വയസ്സിൽ അവൾക്ക് തന്റെ പിതാവിനെ നഷ്ടപ്പെട്ടു. 7-ാം വയസ്സിൽ മാതാവ് പുനർ വിവാഹം ചെയ്തു കൊട്ടാരം വിട്ടുപോയി. രക്ഷകനായ യേശുനാഥനിൽ അവൾ പിതാവിനെയും അശരണരുടെ ആലംബമായ കന്യക മാതാവിൽ അമ്മയേയും ദർശിച്ചു.

സ്വർണം തീയിലിട്ടു ശുദ്ധീകരിക്കുന്നതു പോലെ ക്ലേശങ്ങളുടെ ചൂളയിൽ തീറ്റി പിതാവായ ദൈവം അവളെ ശുദ്ധീകരിച്ചു. സുഖസൗകര്യങ്ങളുടെ മണിത്തൊട്ടിലിൽ ജീവിച്ചിരുന്ന മാഗ്ദലിൻ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലൂടെ സ്വജീവിതം പൂർണമായി ദൈവത്തിലർപ്പിച്ചു. വെറോണയിലെ ദുരിതമനുഭവികുന്നവരുടെ കുടിലുകൾ തേടി സ്നേഹത്തിലും

സേവനത്തിലുമായി പ്രയാണം തുടർന്നു . മാദലിനിൽ ജ്വലിച്ചു നിന്ന സ്വർഗ്ഗീയ ചൈതന്യം ദർശിച്ച നെപ്പോളിയൻ "ഇവളെപ്പോലെ പത്തുകന്യകമാർ തന്റെ സാമ്രാജ്യത്തിൽ ഉണ്ടായിരുന്നുവെങ്കിൽ" എന്നു പ്രസ്താവിക്കുകയുണ്ടായി.

1808 മെയ് 8-ാം തിയതി കനോഷ്യൻ ഉപവി സഹോദരികളുടെ സന്യാസി സഭയ്ക്ക് രൂപം നൽകി. "കർത്തവ്യങ്ങൾ പൂർണമായി നിറവേറ്റുക എന്നതാണ് ഏറ്റവും വലിയഭക്തി "എന്ന് സ്വജീവിതത്തിലൂടെ ഉദ്ബോധിപ്പിച്ചു . "കനോഷ്യൻ ഉപവിയുടെ സഹോദരൻമാർ എന്ന വൈദീക സമൂഹത്തിനും അവൾ രൂപം നൽകി".1835 ഏപ്രിൽ 10-ാം തിയതി മാദലിൻ തന്റെ ആത്മാവിനെ ദിവ്യമണവാളന് ഏൽപ്പിച്ചു.



**സി. ഷൈനി തോമസ്**

# സ്മൃതി



സ്റ്റെല്ല വി.എസ്
VIII

ഒരിക്കലും തിരിച്ചുവരില്ലാത്തോരെൻ
ബാല്യകാലത്തെക്കുറിച്ചോർക്കുന്നു ഞാൻ
എന്തുരസമാണാക്കാലം എന്നെ-
പുളകോന്മാദനാക്കുന്ന കാലം.
അമ്മയുടെ സാരിത്തുമ്പിൽ പറ്റി-
പിടിച്ചൊരു കൊച്ചുപൂമ്പാറ്റകണക്കെ നടന്നക്കാലം.
വികൃതികൾ തകൃതിയായ് കാണിച്ചോരുണ്ണി-
ക്കണ്ണനായ് വിലസിനടന്നകാലം.

കൂട്ടുകാർക്കിടയിൽ കേമനായ് ചമഞ്ഞു ഞാൻ
കോമാളികാട്ടിരസിപ്പിച്ചവരെ ഞാൻ
ഇന്നെൻമനം കേഴുന്നു മൺമറഞ്ഞൊരാ-
ബാല്യകാലത്തെ സ്മരിക്കുകിൽ.

ഓർമ്മതൻ മണിച്ചെപ്പു തുറന്നിട്ടു ഞാനെൻ-
ബാല്യകൗമാരയൗവ്വനനാളുകൾ താണ്ടിയ വഴികളിൽ

ചെയ്തതെല്ലാം ശുദ്ധമണ്ടത്തരങ്ങളുമെ-
ന്നാൽ കാര്യവുമതിലില്ലാതില്ല.

ആർക്കുമെന്നെ മനസ്സിലായില്ല,നാട്ടുകാർചൊ-
ല്ലുന്നു ഞാനൊരു ശിലാഹൃദയൻ
കപടസ്നേഹം പുറത്തുകാട്ടാൻ ആട്ടിൻതോ-
ലണിഞ്ഞ ചെന്നായയല്ലല്ലോ ഞാൻ.

ചിരിച്ചുകാട്ടിക്കത്തിവെക്കാൻ അറിയാ-
ത്തതാണെൻ ജീവിതപരാജയം
ആ വിദ്യപഠിച്ചവരോ വിലസുന്നു
ഇന്നുമീസമൂഹത്തിൽ മാന്യരായ്
അവരാണുനല്ലവർ ..........അവരാണു മനുഷ്യർ
എന്നുചൊല്ലുന്നതവരുടെ കളിപ്പാവകൾ മാത്രം.

അന്യന്റെ ദുഃഖം കണ്ടാർത്തട്ടഹസിക്കും സ്നേഹിതാ-
ഓർക്കുക, നാളെ നിനക്കും വരുമീഗതിയെന്നകാര്യം.
അട്ടഹസിച്ചവരും അന്നുനിന്നെത്തുണക്കില്ല.
അന്നു നീ മാത്രമേ നിനക്കുതുണയായുണ്ടാകൂ.

ഇല്ലയെൻകൈകൾക്കു ശക്തിയില്ല
തളരുന്നുവെന്റെ ദേഹമാകെ
വിറക്കുന്ന കാലുകളീയൂഴിലൂന്നി
ഏൽക്കുവാൻ തന്നെ ശേഷിയില്ല.
ഓടിച്ചാടിനടന്നൊരെൻ കാലുകൾ പിടക്കുന്നു
മുറിച്ചിട്ടഗൗളിവാലുപോലെ
ഒന്നും വിചാരിച്ചിടേണ്ടസ്നേഹിത മനതാരിൽ
ഇനിയെൻ വിശ്രമകാലമെന്നോർക്കുക
അതിനായി ഞാനൊന്നൊരുങ്ങീടട്ടേ...........
ശല്യപ്പെടുത്താതെ പോയിടൂനിങ്ങൾ.

# ജീവിതമാണ് പഠനവേദി

ഒരിടത്ത് ഒരു കടത്തുകാരനണ്ടായിരുന്നു. അയാൾ തന്റെ മകന് പത്ത് വയസ്സായപ്പോൾ ഗുരുകുലത്തിൽചേർത്തു. അങ്ങനെ ഗുരുവിന്റെ ശിക്ഷണത്തിൽ അഞ്ച് വർഷം അവിടെ താമസിച്ച് തന്റെ ഗുരുകുലകാലം പൂർത്തിയാക്കി. മകൻ വീട്ടിലേക്ക് വന്നു. മകന്റെ മനോഭാവം മാറി എല്ലാം തികഞ്ഞവനാണെന്ന മട്ടിൽ തലഉയർത്തി നടന്നു. അതേ പ്രൗഢിയിൽ അച്ഛന്റെ മുന്നിൽ വന്നു നിന്നു. അവൻ വീടിനകത്ത് കയറുന്നതിന് മുമ്പ് കടത്തുകാരൻ ഒരു ചോദ്യം ചോദിച്ചു അതിന് മറുപടിപറയാനാവാതെ അവൻ നിന്നു. ആ ചോദ്യം ഇതായിരുന്നു. "പഠിപ്പിച്ചുതരാൻ കഴിയാത്ത കാര്യങ്ങൾ നാം എങ്ങനെയാണ് പഠിക്കുന്നത്”? അവൻ മറുപടിപറഞ്ഞു: "പഠിപ്പിക്കാൻ കഴിയാത്ത നാം എങ്ങനെയാണ് പഠിക്കുക”. കടത്തുകാരൻ മകനോട് പറഞ്ഞു. "പോയി നിന്റെ വിദ്യാഭാസം പൂർത്തിയാക്കിയിട്ട് വരിക". മകൻ തിരിച്ച് ഗുരുവിന്റെ അടുത്തേക്ക് മടങ്ങി. അവനെ കണ്ടതും ഗുരു ചോദിച്ചു.നിന്റെ ഗുരുകുലശിക്ഷണം കഴിഞ്ഞതല്ലേ? ഗുരുവിനോട് നടന്നതെല്ലാം വിവരിച്ചു. ഗുരു ഒരു പുഞ്ചിരിയോടെ അവനെ നോക്കി അതിന് ഉത്തരം നൽകി. "നമ്മുടെ മാതാപിതാക്കളിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും ഞാൻ പഠിപ്പിക്കുന്നതിൽ നിന്നും നീ നിന്റെ ജീവിതത്തിലെ നാലിൽ മൂന്നു ഭാഗം മാത്രമാണ് പഠിക്കുന്നത്. ബാക്കിയുള്ള ഒരു അംശം നാം കണ്ടും കേട്ടും സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്നുമാണ് നാം പഠിക്കുന്നത്. അത് നാം സ്വന്തമായി ആർജിച്ചെടുക്കേണ്ട ഒന്നാണ്”.

**സമ്പാദക**

**മരിയ ഷിഫ്ന**

# താരാട്ട്

കണ്ണാ കുഞ്ഞികണ്ണനുറങ്ങ്
കണ്ണും പൂട്ടി ഉറങ്ങ്
താരാട്ടിനീണം പകർന്നും
പുന്നാര മുത്തങ്ങൾ തന്നും
കണ്ണനെ ഉറക്കുന്ന അമ്മ
കണ്ണന്റെ വാത്സല്യയാം അമ്മ

ഭഗവാന്റെ മുന്നിൽ കൈകൂപ്പി
കണ്ണനായ് പ്രാർത്ഥിക്കുമമ്മ
എന്നും നന്നായ് വാഴേണം
എന്നുണ്ണിക്കണ്ണൻ വളരണം

ആകാശത്തിൽ താരകങ്ങൾ
കണ്ണുകൾ ചിമ്മി നോക്കുന്നു
എന്നുണ്ണി കണ്ണന് കണ്ണേറിടാതെ ഞാൻ
കരിമഷി മറുക് ചാർത്താം

സനാമോൾ .യൂ.ആർ
**VIII C**

# സൗഹൃദം

തമ്മിൽ കണ്ട നാൾ മുതൽ
നമ്മൾ കൂട്ടുകാർ.
ഉള്ളിൽ വിങ്ങും നോവിലും
നമ്മൾ കൂട്ടുകാർ
ദൂരെയെങ്ങ് നീ പോയാലും
ആ സ്നേഹമെന്നുമൊരു  താരാട്ടായി
രാവ് തോറും മിഴിപൂട്ടാതെ
നേർത്തൊരീണമായ്
പാടീടും.
തമ്മിൽ കണ്ട നാൾ മുതൽ
നമ്മൾ കൂട്ടുകാർ.........!

ആലിയാ  അനാസ്

# ദൈവ സ്നേഹം



സാൻട്രിയാ ഫ്രാൻസിസ്
VII A

**ദിവ്യ വെളിച്ചമായ് എങ്ങും നിറയുന്ന**
ദൈവ കിരണങ്ങൾതൻ ശോഭയിൽ
പുതുപ്രഭാതവും ഇതൾ വിടർത്തുമ്പോൾ
ഉദയ സൂര്യന്റെ പുതുസ്വപ്നവും
ജീവജാലങ്ങൾ തൻ തുടിപ്പും
കാലചക്രത്തിന്റെ സ്പന്ദനവും
ഉയരുന്നിതാ തിരുസന്നിധിയിൽ
മറന്നിടല്ലെ കുഞ്ഞേ അരുമയാം ഓമനേ
ജീവന്റെ സത്യമൊരുനാളും
കേവലം വിലകുറഞ്ഞതല്ലോ പിന്നെയോ
ശസ്ത്രത്തിൻ കണ്ടുപിടിത്തവുമല്ലാ
അനാദികാലം മുതലായ് നടന്നതാം
**ദൈവത്തിൻ അചഞ്ചലമാം സ്നേഹം മാത്രം.**

# തേനീച്ച രക്ഷിച്ചു

ഒരു പൂന്തോട്ടത്തിൽ ഭംഗിയുള്ള കുറെ പൂക്കൾ ഉണ്ടായിരുന്നു.ഒരു ദിവസം ഒരു തേനീച്ച അവിടെയെത്തി."തേൻ വേണോ തേൻ”? പൂക്കൾ ചോദിച്ചു തേനീച്ച സന്തോഷത്തോടെ ഇരുന്നു.തേൻ കുടിക്കാൻ തുടങ്ങി. അപ്പോൾ വികൃതിരാമനായ ആട് പറഞ്ഞു."ഹി,ഹി.ഞാനീ പൂക്കൾ തിന്നാൻ പോവുകയാ" അതു കേട്ട് പൂക്കൾ പേടിച്ചു .ഇതു കണ്ട തേനീച്ച എന്തുചെയ്തെന്നോ? ഉച്ചത്തിൽ മൂളിക്കൊണ്ടു ആടിനുച്ചുറ്റും പറക്കാൻ തുടങ്ങി. “അതു കണ്ട് പൂക്കൾ പൊട്ടിച്ചിരിച്ചു. പിന്നെ തേനീച്ച തേൻ നുകർന്നു സന്തോഷത്തോടെ തിരികെപ്പോയി.



ടാനിയ VIII D

# നാവുടക്കുന്ന വാക്കുകൾ

- ഒളരിയിലെ മുരളി കളരി പഠിച്ചു .
- തച്ചൻ ചത്ത തച്ചത്തി ഒരു തടിച്ചി തച്ചത്തി.
- നെട്ടൂരാനോടാണോടാ കളി .
- സൈക്കിൾ റാലി പോലെ ലോറി റാലി .
- ഉഷേ , യുഷസിലുഷാറോടുണരണം .
- ഒരു വഴിയിലേഴുകുഴിയാന .
- അരമുറം താള് ഒരു മുറം പൂള് .
- റഡ് ബൾബ് ബ്ലൂ ബൾബ് .
- കുട്ടം കുടി കുട്ടാൻ കുട്ടി , കുട്ടാൻ കുട്ടാൻ കുട്ടം കുടി.



തമന്ന

# ആഹാരം = ദൈവം

നാം നമ്മെ തന്നെ ഒന്നു വിലയിരിത്തി നോക്കൂ. നാം എപ്പോഴെങ്കിലും ഭക്ഷണം പാഴാക്കയിട്ടുണ്ടോ ? അല്ലങ്കിൽ അതിലെ ഒരു അരിമണിപാഴാക്കിയിട്ടുണ്ടോ ?

ഭക്ഷണമെന്ന പദത്തിനു പകരമായ് ഞാൻ ഉപയോഗിക്കാനാഗ്രഹിക്കുന്നത് "ദൈവം" എന്ന വാക്കാണ് .നാം എങ്ങനെ ദൈവത്തിനു മുൻമ്പിലായിരിക്കുന്നു അതുപോലെതന്നെ വിനയത്തോടെയും ,ബഹുമാനത്തോടെയും ,ഭക്തിയോടെയും വേണം നാം ഭക്ഷണത്തിനു മുൻമ്പിലിരിക്കാൻ.

ദൈവം ഭക്ഷണത്തിന്റെ രൂപത്തിലെത്തുന്നു. ഓരോരുത്തരും വിശപ്പിന്റെ വില മനസ്സിലാക്കണം .അത് അറിഞ്ഞുവേണം വരും തലമുറ വളരുവാൻ . ഒരാൾ തിന്നുന്നതിന്റെ പകുതി അയാൾക്കും ബാക്കി പകുതിയുടെ ഉപയോഗം ഡോക്ടർമാർക്കുമാണ് .മിതാഹാരവും ശരിയായ പരിശോധനയും വഴി ഭാരം കുറഞ്ഞ ശരീരം ഒരാളെ നൂറുവർഷം വരെ ജീവിക്കാൻ സഹായിക്കും ഭക്ഷിക്കാൻ വേണ്ടി ജീവിക്കരുത് ജീവിക്കാൻ വേണ്ടി ഭക്ഷിക്കുക . അമിതമായ ഭക്ഷണം നമ്മുടെ ശരിരത്തെ ദുർബലപ്പെടുത്തുന്നു.

ആവശ്യമുള്ളത്ത് മാത്രം ഭക്ഷിക്കാനും. അധികമുള്ളത് പാഴാക്കാതെ അപരന് പ്രയോജനപ്പെടുത്താനും നമുക്ക് ശ്രമിക്കാം ഭക്ഷമണത്തിനു മുൻപ്പിലിരിക്കുമ്പോൾഅതു പാചകം ചെയ്തവരെ. കഴിയുമെങ്കിൽ ഒന്നുനോക്കിപുഞ്ചിരിക്കുക. അല്ലങ്കിൽ അയാൾക്കുവേണ്ടി പ്രാർത്ഥിക്കുക . ഇനി ഭക്ഷണത്തിന് ഇരിക്കുമ്പോൾ  ഒരുനേരം പോലും ഭക്ഷണമില്ലാതെ  വലയുന്ന പാവങ്ങളെ  കുടി സമരിക്കുക . അത് സംമ്പാദിക്കാൻ സഹായിച്ച ദൈവത്തിന്  നന്ദി പറയുക. ഭക്ഷണം  പാഴാക്കുന്നത്  ദൈവത്തോടുള്ള നന്ദിയില്ലായ്മയാണ് . അതിനാൽ  ഭക്ഷണം പാഴാക്കാതെ സൂക്ഷിക്കണം.



അലീനാ മാഗലീൻ

IX C

# കൊലുസ്

ട്രെയിനിന്റെ നീട്ടിയുള്ള ചൂളം വിളികേട്ട് ഞാൻ ഞെട്ടിയുണർന്നു അമ്മയുടെ മടിയിൽ ഒരു കുഞ്ഞിനെപ്പോലെ കിടന്നുറങ്ങുകയായിരുന്നു ഇത്രയും നേരം, പെട്ടന്നാണ് എന്റെ ശ്രദ്ധ ദൂരയുള്ള ഒരു മൂന്ന് വയസ്സുകാരിയിൽ പതിഞ്ഞത്. ഓമനത്തമുള്ള മുഖം റെയിൽവേ സ്റ്റേഷന്റെ തിരക്കിൽ ഓടിനടക്കുന്നു . എന്റെ അടുത്തേക്ക് ഓടിവരുന്നത് കണ്ടു പെട്ടെന്നാണ് ഒരാൾ അവളെ പിന്നിൽ നിന്ന് കോരിയെടുത്തു അവളുടെ അച്ഛനായിക്കണം അയാൾ .ഞാൻ എന്റെ മുഖം ഉയർത്തി അമ്മയുടെയും അച്ഛനാന്റെയും മുഖത്തെക്ക് നോക്കി . പെട്ടന്ന് ഞാനും അമ്മയും നിശ്ചലമായി. എന്റെ ചിന്ത 3 വർഷം പിന്നിലേക്ക് പാഞ്ഞു .

അച്ഛന് ട്രാൻസ്ഫറായി തമിഴ് നാട്ടിൽ എത്തിയ സമയം ഒരുപാട് അന്വേഷണത്തിന് ശേഷം നല്ല ഒരു കൊച്ചവീട് താമസത്തിന് കിട്ടി അമ്പലവും പാടവും അടുത്തുള്ള ഒരു കൊച്ചുഗ്രാമം. പെട്ടെന്നുതന്നെ ഞങ്ങൾ ആ നാടിനോടും നാട്ടുകാരോടും ഇഴുകി ചേർന്നു നല്ല അയൽവാസികളെ കിട്ടിയ

സന്തോഷത്തിലാണ് അമ്മ . തമിഴരാണെങ്കിലും നല്ല സ്നേഹമുള്ളവർ. രാവിലെ സൂര്യനുദിക്കുന്നതിനൊപ്പം കോലം വിരിയുന്ന മുറ്റങ്ങൾ.തലയിൽ മുല്ലപ്പൂ ചൂടിയ കുട്ടികളും അമ്മമാരും,

അമ്മൂമമാരും എല്ലാറ്റിനോടും ഞങ്ങൾ ഇഴുകിചേർന്ന് തുടങ്ങിയ സമയം അയൽപക്കത്തെ വീട്ടുകാരോട്ടും നല്ല അടുപ്പത്തിലായിരുന്നു അതിനു കാരണം ആ വീട്ടിലെ ഒരു കുസൃതിക്കുടുക്കയും, കാലിൽ നിറഞ്ഞുകിടക്കുന്ന കൊലുസും ,തലയിൽ പൂവും ചൂടി അവൾ ആ ചുറ്റുപാടും ഓടിനടക്കും. കൊലുസ് എന്നാണ് അവളെ എല്ലാവരും വിളിക്കുന്നത്.അഞ്ച് വയസ്സ് ഉള്ളുവെങ്കിലും അൻപത് വർഷത്തെ പരിചയം കാട്ടും അവൾ എല്ലാവരോടും. ഞാനും അച്ഛനും അമ്മയും അവളോട് പെട്ടെന്ന് തന്നെ അടുത്തു. പതിയെ അവൾ ഞങ്ങളുടെ വീട്ടിലെ ഒരു അംഗമായി മാറി.

അവധി ദിവസങ്ങളിൽ അവൾ എന്നോട് കൂടി നാട്ടുമൊത്തം ചുറ്റിനടക്കും. നാളുകൾ കടന്നുപോയി.കൊലുസിനെ പഠിക്കാൻ ചേർത്തു.ആ നാട്ടിലെ ഒരോരുത്തരും അവളെ

സന്തോഷത്തോടെ സ്കൂളിൽ പറഞ്ഞുവിട്ടു.ഒരു അവധി ദിവസം ഞാനും അവളുംകൂടി കോവിലിൽ പോയി.തിരികെ വരുന്ന വഴിക്ക് ഞങ്ങൾ ഒരു ആമ്പൽക്കുളം കണ്ടു നിറയെ ചെന്താമര നിറഞ്ഞ ഒരു താമരക്കുളം ആരെയും ആഗ്രഹിപ്പിക്കും ഒരു പൂ പറിക്കാൻ കുളത്തിലെ പടവിലൂടെ താഴേക്കിറങ്ങി പെട്ടെന്ന് പുറകിൽ നിന്ന് ഒരു വിളി അമ്മ അംഗേ എറങ്ങ കുടാത് ആ പൊയ്കയിൽ ഒരു പേ ഇരക്ക് ഇത് കേട്ട ഞാൻ കൊലുസിനേയും കൂടി അവിടെ നിന്ന് ഓടി. വീട്ടിൽ വന്ന് ഞാൻ അമ്മയോട് കാര്യം പറഞ്ഞു.അമ്മ എന്നെ ഒരുപാട് വഴക്കു പറഞ്ഞു കുട്ടിയേയും കൂടി ആ കുളത്തിൽ പോകാൻ ആരു പറഞ്ഞ്. അന്ന്

രാത്രി ഞാൻ ഉറങ്ങിയില്ല.എന്തോ എന്നെ വല്ലാതെ അലട്ടുന്നത് പോലെ ഞാൻ പഠിക്കാനും അച്ഛൻ ഓഫിസിലും പോയി കൊലുസിന് ഇന്ന് അവധിയാണ്.

രാവിലെ പതിവുപോലെ വന്ന് ഞങ്ങളെ മുഖം കാണിചാണ് അവൾ കളിക്കാൻ പോയത്.വൈകിട്ട് ഞാൻ ക്ലാസിൽ നിന്ന് വന്നപ്പോൾ ഞങ്ങളുടെ വഴിയിൽ ചെറിയ ഒരാൾക്കൂട്ടം എല്ലാവരും എന്തോ അടക്കം പറയുന്നു.എന്തെന്ന് അറിയാതെ നടന്നിട്ട് എന്റെ കാൽ നിങ്ങാത്ത പോലെ തോന്നിയ സമയം.ഞാൻ

ചെന്നു അമ്മയെ കാണുന്നില്ല അച്ഛനും ഇല്ല ഞാൻ പുറത്തേക്ക് വന്നു ബാഗ് വലിച്ചെറിഞ്ഞിട്ട് പെട്ടെന്ന് നോക്കിയപ്പോൾ കൊലുസിന്റെ വീടിന് മുന്നിൽ ഒരാൾക്കൂട്ടം ഞാൻ ഓടിചെന്ന് എന്താക്കാര്യം എന്ന തിരക്കി കൊലുസിന്റെ അമ്മ പറഞ്ഞു.മോളെ എന്റെ കുളന്തയെ പാക്കലെയാ എന്താണെന്നറിയാതെ

ഞാൻ പകച്ചു നിന്നു അമ്മ കാര്യം പറഞ്ഞു "കൊലുസിനെ" കാണനില്ല മോളെ ഞാൻ ഒന്നു നടുങ്ങി രാവിലെ ,കൂടെകണ്ടവൾ എവിടെപ്പോയി  പെട്ടന്ന് ഒരാൾ ദൂരെ നിന്ന് ഓടിവരുന്നത് കണ്ട് എല്ലാവരുടെയും ശ്രദ്ധ

അങ്ങോട്ടേക്ക് തിരിഞ്ഞു .അയാളുടെ നാവ് കുഴയുന്നുണ്ടായിരുന്നു .

അയാൾ ദൂരത്തേക്ക് കൈനീട്ടുന്നത് കണ്ട് എല്ലാവരും അങ്ങോട്ടുനോക്കി

അയാൾ തലയിൽ കൈവച്ച് ഓടുന്നത്കണ്ട്  പുറകെ ഞങ്ങളും ഓടി ഒടുവിൽ

ചെന്നനിന്നത് ആ താമര പൊയ്കയുടെ അടുത്താണ് ഒരു നിമിഷം ശ്വാസംനിലപ്പിക്കുന്ന ആ കാഴ്ച്ചകണ്ടത് തമരപൊയ്കയിൽ നിശ്ചലമായ ചേതനയറ്റ കൊലുസിന്റെ ശരീരം

നിലവിളിയുടെ ശബ്ദം എന്റെ കാതുകളിൽ

അലതല്ലി.

പെട്ടന്നാണ് അടുത്ത ട്രയ്നിന്റെ ചൂളംവിളി അച്ഛനെനോട് പറഞ്ഞു വാമോളെ ട്രയിൻവന്നു .ഞാൻ ഒന്നും മിണ്ടാതെ ഭൂതക്കാലത്തിന്റെ ഓർമ്മകൾ ആ റെയിൽവേ സ്റ്റേഷനിൽ ഉപേക്ഷിച്ച ട്രെയിനിലേക്ക് കയറി ട്രെയിൻ മുന്നോട്ട് നീങ്ങിതുടങ്ങിയപ്പോഴും എന്റെ കണ്ണിൽ നിന്നും കാലിൽ നിറഞ്ഞുകിടക്കുന്ന കൊലുസുകളിട്ട് ഓടിനടക്കുന്ന കൊലുസിന്റെ മുഖം മായാതെ .ആ നാടിനോട് യാത്രപറഞ്ഞുനീങ്ങി..കളിക്കാൻ പോയത്.വൈകിട്ട് ഞാൻ ക്ലാസിൽ നിന്ന് വന്നപ്പോൾ ഞങ്ങളുടെ വഴിയിൽ ചെറിയ ഒരാൾക്കൂട്ടം എല്ലാവരും എന്തോ അടക്കം പറയുന്നു.എന്തെന്ന് അറിയാതെ നടന്നിട്ട് എന്റെ കാൽ നിങ്ങാത്ത പോലെ തോന്നിയ സമയം.ഞാൻ ചെന്നു അമ്മയെ കാണുന്നില്ല അച്ഛനും ഇല്ല ഞാൻ പുറത്തേക്ക് വന്നു ബാഗ് വലിച്ചെറിഞ്ഞിട്ട് പെട്ടെന്ന് നോക്കിയപ്പോൾ കൊലുസിന്റെ വീടിന് മുന്നിൽ ഒരാൾക്കൂട്ടം ഞാൻ ഓടിചെന്ന് എന്താക്കാര്യം എന്ന തിരക്കി കൊലുസിന്റെ അമ്മ പറഞ്ഞു.മോളെ എന്റെ കുളന്തയെ പാക്കലെയാ

എന്താണെന്നറിയാതെ

ഞാൻ പകച്ച നിന്നു അമ്മ കാര്യം പറഞ്ഞു "കൊലുസിനെ"

കാണുന്നില്ല മോളെ ഞാൻ ഒന്നു നടുങ്ങി രാവിലെ ,കൂടെകണ്ടവൾ

എവിടെപ്പോയി  പെട്ടന്ന് ഒരാൾ ദൂരെ നിന്ന് ഓടിവരുന്നത് കണ്ട്

എല്ലാവരുടെയും  ശ്രദ്ധ

അങ്ങോട്ടേക്ക് തിരിഞ്ഞു .അയാളുടെ നാവ്

കുഴയുന്നുണ്ടായിരുന്നു .

അയാൾ ദൂരത്തേക്ക് കൈനീട്ടുന്നത് കണ്ട് എല്ലാവരും

അങ്ങോട്ടനോക്കി

അയാൾ തലയിൽ കൈവച്ച് ഓടുന്നത്കണ്ട്  പുറകെ ഞങ്ങളും

ഓടി ഒടുവിൽ

ചെന്നനിന്നത് ആ താമര പൊയ്കയുടെ അടുത്താണ് ഒരു

നിമിഷം ശ്വാസംനിലപ്പിക്കുന്ന ആ കാഴ്ച്ചകണ്ടത്

തമരപൊയ്കയിൽ നിശ്ചലമായ ചേതനയറ്റ കൊലുസിന്റെ ശരീരം

നിലവിളിയുടെ ശബ്ദം എന്റെ കാതുകളിൽ

അലതല്ലി.

പെട്ടന്നാണ് അടുത്ത ട്രയിനിന്റെ ചൂളംവിളി അച്ഛനെന്നോട്

പറഞ്ഞു വാമോളെ  ട്രയിൻവന്നു .ഞാൻ ഒന്നും മിണ്ടാതെ

ഭൂതക്കാലത്തിന്റെ ഓർമ്മകൾ ആ റെയിൽവേ സ്റ്റേഷനിൽ

ഉപേക്ഷിച്ച ട്രെയിനിലേക്ക് കയറി ട്രെയിൻ മുന്നോട്ട് നീങ്ങിതുടങ്ങിയപ്പോഴും എന്റെ കണ്ണിൽ നിന്നും കാലിൽ നിറഞ്ഞുകിടക്കുന്ന കൊലുസുകളിട്ട് ഓടിനടക്കുന്ന കൊലുസിന്റെ മുഖം മായാതെ .ആ നാടിനോട് യാത്രപറഞ്ഞുന്നീങ്ങി..



ലയാ ഷാജി X C

# നമ്മുടെ സ്വന്തം മലയാളം

നമ്മുടെ സ്വന്തം മാതൃഭാഷയാണ് മലയാളം. ഇന്ത്യയിൽ ശ്രേഷ്ഠഭാഷാ പദവി ലഭിക്കുന്ന അഞ്ചാമത്തെ ഭാഷയാണ് മലയാളം . ഇന്ത്യൻ ഭരണഘടനയിലെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇരുപത്തിരണ്ട് ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് മലയാളം . മലയാളഭാഷ കൈരളി എന്നും അറിയപ്പെടുന്നു. നമ്മുടെ കേരളത്തിലെ ഭരണഭാഷയാണ് മലയാളം...



തമന്ന

# GOD'S GIFT



Bisharath
VIII A

Parents are the backbone of our life
They are God's gift
We can't see God
But,we can see God in our parents

There is no one to replace them.
My first love is my father
My first teacher is my mother
They are the light of my life

In my life father is the hero
And mother is the heroine
My life is filled with parent's love.

# Say NO TO PLASTIC



Meghna Anson & Mariya Roshini
IX B

Plastic is something which is seen everywhere in this world . We know that we lead a life where plastic has a important role. Removal of plastics from our day to day life is not an easy thing. It cannot be completely wiped out from our life ,because now it is an essential element in our life . but as we know , nothing is impossible .if we are ready to try hard then we will be able to achieve everything in this world . Me and my companion conducted a research on this topic. It was a good example for the possibility of life without plastic . We were able to introduce various methods of recycling , reusing ,and reducing of plastic. First we tried to convey the message of reducing the plastic and to the importance to avoid the over production of plastics. Then we made some products such as different types of cloth bags ,
example:strawberry bag ,ball bag, and paper bag which could be used instead of plastic carry bags. as we know the fact that the level of consumption of

plastic is mainly increased due to these plastic carry bags  which we receive from groceries.

Through we research  we were able to understand the difficulties faced by the marine aquatic animals and the land living organisms.

We collected informations such as after effects of plastic in oceans. We ,through our research tried to spread all the information which we have  collected to others and tried to make our friends to lead a plastic free life .

# PRINCIPLES OF LIFE

Life is a habit.
Always accept the unexpected things,
Life is like a river
It will flow with peace,love & care
Life is divided with sadness and happiness .
The real life is like a film
God will be the director of our life
Parents are the producers of our life,
Teachers are the editors of our life,
The film will end when we get into an eternal life.



Hanna Fathima

# QUOTES OF LEADERS

HAZEENA BEEGAM

- "With realization of one's own potential and self confidence in one's ability,one can build a better world "

  – DALAI LAMA

- "Some people see things as they are and ask why ? I dream of things that never where and ask why not"

  – G BERNARD

- "I do not know anyone who got top without hardwork. That the recipe it will not always get you to the top,but it will get you pretty near"

  –MARGARET THATCHER

- "There is no substitute for hardwork"

  –THOMAS ALVA EDISON

# MEMORY OF RAIN

*Clouds are getting darker*
*thunder was rolling down*
*trees are dancing in the rain*
*rain drops are falling*
*rivers are flowing*
*we are playing in the rain*
*my heart was very cool*
*it was a pleasant rainy day*
*that I never forget in life*
*it was a wonderful memory.*

-- **Sanam Raihan M.S**

# मौत

मौत, सच जो हमेशा हमारे साथ हैं

सच जो पहले तय हो गया,

सच जो हमारा सपनों को

हमेशा केलिये काटेगा मौत,

जिस पर हमें कोई

नफरत न करे

जिस पर हमें कोई धोखा न करे

जिस पर भूलते हैं सब कुछ मौत,

जो हमेशा मनुष्य के सामने

छिपकर आता है।,

और ले जाता है मनुष्य को

एक दूसरे से - कोसो दूर ।

इस छोटी ज़िन्दगी में आपस में

झगटता हे मनुष्य

सोचो मौत कभी भी आ सकता है

और मनुष्य को ले जाता है।



स्वजना मेरी नेलसण

IX D

# कभी कभी खुद से बात करो

कभी कभी खुद से बात  करो
आपनी नज़र मे तुम क्या हो?
ये मन तराजू पर तोलो,
कभी- कभी खुद से बात करो।
हरदम तुम बैठे ना रहो, शौरत की इमारत  में,
कभी -  कभी खुद को पेश करो आत्मा की आदालत मे
केवल आपनी कीर्ति
 न देखो कमियां को भी टटोलो,
कभी- कभी खुद से बात करो।
दुनिया कहती कीर्ति कमा के, तुम हो बड़े सुखी
मगर तुमहारे आडम्बर से, हम है बड़े दु:खी
कभी तो आपने श्रव्य- भावन की बन्द खिडकियॉ खोलो,
कभी- कभी खूद से बात करो।
ओ नभ में उड़ने  वालो, ज़रा धरती पर आओ
आपनी पूरानी सरल-  सादगी फिर से अपनाओ ,
तुम सन्तों की तपोभूमि पर मत अभिमान करो
कभी - कभी सुद से बात करो।



सहला के.एच
**IX D**

# क्रोध



जासिया म.एस

IX D

विनाश है

जिंदगी मै फैल अंधेरा है क्रोध

जब फस जाए

क्रोध के जाल में

परवाह नही होती किसीका

टूट जाए रिश्ता

वापस जूङना तो मुश्किल !

मिटाना है इज्जत

बरसाता है साहस

रखना है पाबंदी

वापस पाना है खोया प्यार

बना लो प्यार की बगीचा

हटाके क्रोध के श्मशान

**क्यो की विनाश है क्रोध.....**


# യുവപ്രതിഭകളുടെ കരവിരുത്




















DON'T BE A PART OF POLLUTION
BE A PART OF SOLUTION